പഞ്ചായത്തിൽ നടക്കുന്ന മരാമത്തു പണികൾ

373 [406] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ബോഡീസിന്റെ എൻജിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തുകളിൽ മരാമത്തു പണികൾ നടത്തുമ്പോൾ അതിന്റെ വിശദവിവരങ്ങൾ ജനങ്ങൾക്ക് അറിയാൻ സംവിധാനമുണ്ടോ;

(ബി) പഞ്ചായത്ത് കമ്മിറ്റി നിലവിലില്ലാത്ത സാഹചര്യത്തിൽ പഞ്ചായത്തുകളിൽ നടക്കുന്ന മരാമത്തു പണികളുടെ വിവരം ജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്തു പണികൾ ഏറ്റെടുത്തു നടത്തുമ്പോൾ, ടെൻഡറുകൾ ക്ഷണിക്കുകയും ടെൻഡർ നോട്ടീസും പണിയെ സംബന്ധിക്കുന്ന വിവരവും ബന്ധപ്പെട്ട ഓഫീസുകളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(ബി) പഞ്ചായത്ത് കമ്മിറ്റികൾ നിലവിലുള്ളപ്പോഴും ഇല്ലാത്തപ്പോഴും പഞ്ചായത്തുകളിൽ പൊതുമരാമത്തു പണികൾ നടത്തുന്നത് കേരള പഞ്ചായത്ത് മാനേർ ഓഫ് എക്സിക്യൂഷൻ ഓഫ് പബ്ലിക് വർക്സ് റൂൾസ്, 1953, പഞ്ചായത്ത് ഇൻവിറേഷൻ ആൻഡ് ഡിസ്പോസൽ ഓഫ് ടെൻഡേഴ്സ് ഫോർ പബ്ലിക് വർക്സ് റൂൾസ്, 1963 എന്നിവ അനുസരിച്ചാണ്. പൊതുമരാമത്തു പണികളുടെ ഏകദേശരൂപം ടെണ്ടർ ക്ഷണിക്കുമ്പോൾ പരസ്യപ്പെടുത്താറുണ്ട്. ഈ രീതിക്ക് മാറ്റം വരുത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

കോടിയേരി പഞ്ചായത്തിലെ പാനൻ-പുന്നോൻ റോഡ്

374 [407] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി താലൂക്കിലെ കോടിയേരി പഞ്ചായത്തിലെ പാനൻ-പുന്നോൻ റോഡ് വീതികൂട്ടി 8 മീറ്ററാക്കുന്നതിന് ഭൂമി പൊന്നുംവിലയ്ക്കെടുക്കാൻ പഞ്ചായത്ത് ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സ്ഥലമുടമകൾക്ക് ഇതിന്റെ നഷ്ടപരിഹാരം ഇതുവരെ കിട്ടിയിട്ടില്ലയെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) നഷ്ടപരിഹാരം സ്ഥലമുടമകൾക്ക് എപ്പോൾ നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) സ്ഥലം ഉടമകളിൽ പലരും സ്റ്റേറ്റിനു പുറത്താണെന്നറിയുന്നു. ബാദ്ധ്യതാസർട്ടിഫിക്കറ് തുടങ്ങി ആവശ്യമായ റിക്കാർഡുകൾ ഹാജരാക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly